*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

167th Issue - Volume 5, No. 1 ജാഗ്രത 7th January 2011

"ആഹാരത്തിനു വകയില്ലാതിരിക്കെ വൻപു നടിക്കുന്നതിനേക്കാൾ ശ്രേഷ്ഠൻ, അദ്ധ്വാനിച്ച് എളിയനിലയിൽ കഴിയുന്നവനാണ്."

(സുഭാഷിതങ്ങൾ 12:9)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Johny Kochuparambil MST



## പ്രധാന വാർത്തകൾ

സേവനസന്നദ്ധരായി യുവജനങ്ങൾ സിവിൽ സർവീസിലേക്കു കടന്നുവരണം:
മാർ ജോസഫ് കല്ലറങ്ങാട്ട്

---

ക്രൈസ്തവ യുവത്വത്തിന്റെ കരുത്ത് ആത്മീയജീവിതം:
മാർ വർക്കി വിതയത്തിൽ

---

വൈകല്യമുള്ളവർക്കായുള്ള ശുശ്രൂഷ നിസ്തുലം:
മാർ ജോർജ് പുന്നക്കോട്ടിൽ

---

ക്രിസ്തുവിന്റെ സുവിശേഷം ലോകം മുഴുവനും വേണ്ടി:
ഡോ. വിൻസന്റ് സാമുവൽ

---

മുന്നണികൾ മദ്യാധിപത്യ നിലപാട് തിരുത്തണം:
അല്മായ കമ്മീഷൻ

## സേവനസന്നദ്ധരായി യുവജനങ്ങൾ സിവിൽ സർവീസിലേക്കു കടന്നുവരണം: മാർ ജോസഫ് കല്ലറങ്ങാട്ട്



സാമ്പത്തികനേട്ടം മാത്രം ലക്ഷ്യമാക്കി വിദേശജോലി കാംക്ഷിക്കുന്നതിനേക്കാൾ യുവജനങ്ങൾക്ക് അഭികാമ്യം രാജ്യസേവന രംഗത്ത് ശോഭിക്കാവുന്ന സിവിൽ സർവീസ് മേഖലയാണെന്നു മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. വിദ്യാർഥികളിൽ സിവിൽ സർവീസ് ആഭിമുഖ്യം സംജാതമാക്കാൻ പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ഹൈസ്കൂൾ വിദ്യാർഥികൾക്കായി നടത്തുന്ന ത്രിദിന ഓറിയന്റേഷൻ ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. മോൺ. ഫിലിപ്പ് ഞരളക്കാട്ട് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. ജോസഫ് വെട്ടിക്കൻ, കോ-ഓർഡിനേറ്റർ പ്രഫ. കെ.എം. മാത്യു, ഡോ. കെ.വി. തോമസ് എന്നിവർ പ്രസംഗിച്ചു.

## ക്രൈസ്തവ യുവത്വത്തിന്റെ കരുത്ത് ആത്മീയ ജീവിതം: മാർ വർക്കി വിതയത്തിൽ




ആത്മീയജീവിതമാണു ക്രൈസ്തവ യുവത്വത്തിന്റെ കരുത്തെന്നും അതു കാത്തുസൂക്ഷിക്കാൻ യുവാക്കൾ സദാ സന്നദ്ധരാവണമെന്നും സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ ആഹ്വാനം ചെയ്തു. കാക്കനാട് രാജഗിരി വാലിയിൽ ജീസസ് യൂത്ത് രജത ജൂബിലി രാജ്യാന്തര സമ്മേളനത്തിന്റെ സമാപനദിവസം സന്ദേശം നല്കുകയായിരുന്നു അദ്ദേഹം. ആത്മീയത ഇല്ലെങ്കിൽ നമ്മുടെ കൂട്ടായ്മകൾ കേവലം ആഘോഷം മാത്രമാകും. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വളർന്നു പന്തലിച്ച പ്രസ്ഥാനമാണു ജീസസ് യൂത്ത്. എറണാകുളം അതിരൂപതയുടെ അതിർത്തിക്കകത്തു രൂപംകൊണ്ട ജീസസ് യൂത്ത് ഇന്നു വിവിധ രാജ്യങ്ങളിലേക്കു വളർന്നതിൽ അഭിമാനമുണ്ട്. ജീവിതത്തിൽ പ്രാർഥന എപ്പോഴും കൂടെയുണ്ടാകണമെന്നും കർദിനാൾ മാർ വർക്കി വിതയത്തിൽ ഓർമിപ്പിച്ചു. നാഗ്പൂർ ആർച്ച്ബിഷപ് ഡോ. ഏബ്രഹാം വിരുത്തകുളങ്ങര ദിവ്യബലിക്കു കാർമികത്വം വഹിച്ചു.

## വൈകല്യമുള്ളവർക്കായുള്ള ശുശ്രൂഷ നിസ്തുലം: മാർ ജോർജ് പുന്നക്കോട്ടിൽ



സമൂഹത്തിന് ഭാരമെന്ന് തോന്നുന്നവരെ നീക്കം ചെയ്യുന്ന മനോഭാവങ്ങളുള്ള ഇന്നത്തെ ലോകത്തിൽ വൈകല്യമുള്ളവർക്കായുള്ള ശുശ്രൂഷ ഏറെ നിസ്തുലമാണെന്ന് ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ. മൂവാറ്റുപുഴ നിർമല സദൻ രജത ജൂബിലി ആഘോഷ സമാപന യോഗത്തിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. പി.ടി തോമസ് എംപി യോഗം ഉദ്ഘാടനം ചെയ്തു. ഡോ. റസീന പത്മം മുഖ്യപ്രഭാഷണം നടത്തി. നിർമല സദനിൽ 25 വർഷം സേവനം പൂർത്തിയാക്കിയ അധ്യാപകരായ സിസ്റ്റർ ജോസ്‌ലിൻ, സിസ്റ്റർ ലൂസി മരിയ, സിസ്റ്റർ ജ്യോതിസ് മരിയ, സിസ്റ്റർ ടെസി മരിയ എന്നിവരെ കോതമംഗലം രൂപത വികാരി ജനറാൾ മോൺ. തോമസ് മലേക്കുടി പൊന്നാട അണിയിച്ച് ആദരിച്ചു. ജൂബിലി സ്മരണിക ബാബു പോൾ എംഎൽഎ പ്രകാശനം ചെയ്തു. ഡൊമിനിക് പ്രസന്റേഷൻ എംഎൽഎ, എഫ്സിസി അസിസ്റ്റന്റ് സുപ്പീരിയർ ജനറൽ സിസ്റ്റർ ജിയോ മരിയ എന്നിവർ എൻഡോവ്മെന്റ് വിതരണം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എൽദോസ് കുന്നപ്പിള്ളി വെബ്സൈറ്റ് ഉദ്ഘാടനവും ഫാ. ജോർജ് പൊട്ടയ്ക്കൽ ജൂബിലി കൂപ്പൺ സമ്മാനദാനവും നിർവഹിച്ചു. സ്റ്റാഫ് പി. ബേബിയെ മുൻ എംഎൽഎ ജോണി നെല്ലൂർ ആദരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് മേരി ബേബി, അംഗം വി.എസ് അർജുനൻ, സിസ്റ്റർ ജോവിയറ്റ്, ജോൺ കൊമ്പനാംതോട്ടം, ജ്യോതിബാസു, എബിമോൻ ജോൺ, ടി.വി സുനീഷ്, പി. സതീശൻ, മാനേജർ സിസ്റ്റർ റിൻസി, പ്രിൻസിപ്പൽ സിസ്റ്റർ ഗ്ലോറി എന്നിവർ പ്രസംഗിച്ചു.

## ക്രിസ്തുവിന്റെ സുവിശേഷം ലോകം മുഴുവനും വേണ്ടി: ഡോ. വിൻസന്റ് സാമുവൽ



നെയ്യാറ്റിൻകര രൂപതയുടെ നേതൃത്വത്തിൽ അഞ്ചാമത് ബൈബിൾ കൺവൻഷന് വർണാഭമായ തുടക്കം. മത സൗഹാർദത്തിന്റെയും സമാധാനത്തിന്റെയും ദൂതുമായി പതിനായിരങ്ങൾ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി സ്റ്റേഡിയത്തിൽ പരി

ശുദ്ധ ജപമാല ഇരുവിട്ടുകൊണ്ട് ബൈബിൾ കൺവൻഷനായി ഒരുങ്ങി. തുടർന്ന് ബിഷപ് ഡോ. വിൻസന്റ് സാമുവലിന്റെ മുഖ്യ കാർമികത്വത്തിൽ പൊന്തിഫിക്കൽ ദിവ്യബലി അർപ്പിച്ചു. നെയ്യാറ്റിൻകര രൂപതാ വികാരി ജനറൽ മോൺ ജി.ക്രിസ്തുദാസ്, ചാൻസലർ റവ. ഡോ. ഡി. സെൽവരാജൻ, റവ. ഡോ. വിൻസന്റ്കെ. പീറ്റർ, ഫാ. ഇഗ്നേഷ്യസ്, ഫാ. ജോസ് കുഴിഞ്ഞാലിൽ, ഫാ. ഷാജ്കുമാർ, ഫാ. ഫ്രാൻസിസ് സേവ്യർ, ഫാ. ആന്റണി സോണി, ജെറാർഡ് മത്യാസ്, ഫാ. ജസ്റ്റിൻ ഡി.ഇ., ഡീക്കൻ സാജൻ ദാസ് എന്നിവർ സഹകാർമികരായിരുന്നു. ദിവ്യബലിക്ക് ശേഷം ബിഷപ് വിൻസന്റ് സാമുവൽ ബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. മാർപാപ്പയും അപ്പസ്തോലിക പ്രബോധനമായ കർത്താവിന്റെ വചനത്തെ ഉദ്ധരിച്ചുകൊണ്ട് സുവിശേഷം ലോകത്തിനുവണ്ടിയുള്ള സദ്വാർത്തയാണെന്നും സുവിശേഷത്തിന് സ്നേഹവും സമാധാനവും ലോകത്തിൽ സൃഷ്ടിക്കാൻ സാധിക്കുമെന്നും ബിഷപ് പറഞ്ഞു. തുടർന്ന് പോട്ട ഡിവൈൻ ധ്യാന ടീമംഗങ്ങളായ ഫാ.ആന്റോ, ഫാ. ആന്റണി പയ്യമ്പള്ളി എന്നിവർ പ്രഭാഷണം നടത്തി.

രോഗശാന്തി ശുശ്രൂഷയിൽ പതിനായിരങ്ങൾ പങ്കെടുത്തു. ഒൻപതിന് വൈകുന്നേരം 4.30മുതൽ 9-വരെ നടക്കുന്ന കൺവൻഷനിൽ ഫാ. ജോർജ് പനയ്ക്കൽ ഫാ. മാത്യു നായ്കംപറമ്പിൽ തുടങ്ങിയവർ മുഖ്യപ്രഭാഷണങ്ങളും രോഗശാന്തി ശുശ്രൂഷയും നടത്തും.

## മുന്നണികൾ മദ്യാധിപത്യ നിലപാട് തിരുത്തണം: അല്മായ കമ്മീഷൻ

---

മാറിമാറി കേരളം ഭരിച്ച ഇരു സർക്കാരുകളുടെയും മദ്യനയം ഒട്ടനവധി കുടുംബാംഗങ്ങളെയും സമൂഹത്തെ മുഴുവനായും വൻ നാശത്തിലേക്കും ദുരിതത്തിലേക്കും വലിച്ചെറിഞ്ഞിരിക്കുമ്പോൾ ജനങ്ങളുടെ കണ്ണിൽ പൊടിയിട്ട്, തെരഞ്ഞെടുപ്പു വേളകളിൽ വോട്ടുകൾ നേടുവാനുള്ള രാഷ്ട്രീയ തന്ത്രങ്ങൾക്കപ്പുറം ഭരണ, പ്രതിപക്ഷ കക്ഷികൾക്ക് ഈ ജനദ്രോഹ പ്രശ്നത്തിൽ ശക്തമായ നിലപാടോ വ്യക്തമായ തിരുത്തൽ നടപടികളോ ഇല്ലാത്തത് ദുഃഖകരമാണെന്ന് സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.എസ്.സെബാസ്റ്റ്യൻ സൂചിപ്പിച്ചു. മദ്യദുരന്തങ്ങളുണ്ടാകുമ്പോൾ പ്രഖ്യാപിക്കുന്ന അന്വേഷണനാടകങ്ങളും, നഷ്ടപരിഹാരങ്ങളും പ്രകടനപത്രികയിലൂടെ മദ്യസംസ്കാരത്തെ നിയന്ത്രിക്കുമെന്നും, മദ്യനിരോധന പ്രചാരണങ്ങൾ ശക്തിപ്പെടുത്തുമെന്നുമുള്ള വാഗ്ദാനങ്ങളുമായി കേരളത്തിലെ ഇരുമുന്നണികളും ഘടകകക്ഷികളും ജനങ്ങളെ കബളിപ്പിക്കുകയാണ്. ഒരു വശത്ത് മദ്യം സുലഭമാക്കുകയും മറുവശത്ത് ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുകയും ചെയ്യുന്നത് വിരോധാഭാസമാണ്. വിഷം നൽകി രോഗികളും അടിമകളുമാക്കുകയും പിന്നീട് ചികിത്സിക്കുകയും ചെയ്യുന്നതു ക്രൂരവിനോദമാണ്. മദ്യത്തിനെതിരേ സർക്കാർ സംവിധാനങ്ങൾ നടത്തുന്ന ബോധവത്കരണ പ്രക്രിയ ഇരട്ടത്താപ്പാണ്. നിലവിലുള്ള നിയമങ്ങൾ നടപ്പിലാക്കുവാനുള്ള ഇഛാശക്തിയെങ്കിലും ഭരണ നേതൃത്വത്തിലുള്ളവർ കാണിക്കണം. വികലമായ മദ്യനയത്തിനെതിരേ ജനകീയ മുന്നേറ്റത്തിലൂടെ പൊതുസമൂഹം പ്രതികരിക്കണമെന്നും അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ ആഹ്വാനം ചെയ്തു. ഓരോ പഞ്ചായത്തിനും നഗരസഭയ്ക്കും മദ്യഷാപ്പുകൾ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ അധികാരം നൽകുന്ന പഞ്ചായത്ത് രാജ് നഗര പാലികാബില്ലിലെ 232, 447 വകുപ്പുകൾ പുനഃസ്ഥാപിക്കുവാൻ സർക്കാർ തയാറാവണം. വാചകക്കസർത്തുകൾക്കും പ്രകടനപത്രികകൾക്കുമപ്പുറം യാതൊരു ആത്മാർത്ഥതയും ഇക്കാര്യത്തിൽ ഇരുമുന്നണികൾക്കുമില്ലെന്ന് കഴിഞ്ഞകാലങ്ങളിലെ അനുഭവങ്ങൾ വ്യക്തമാക്കുന്നു. വികലമായ മദ്യനയം മൂലം ഒട്ടനവധി ദുരന്തങ്ങൾ ഏറ്റുവാങ്ങിയിട്ടും ആയിരക്കണക്കിന് കുടുംബാംഗങ്ങൾ അനാഥമായിട്ടും വീണ്ടും ഒരു സമൂഹത്തെ മുഴുവൻ കൊലയ്ക്കു കൊടുക്കുവാൻ ഇറങ്ങിയിരിക്കുന്നവർ മനുഷ്യ മനസാക്ഷിക്കെതിരെ വെല്ലുവിളികൾ ഉയർത്തുകയാണെന്നും ശക്തമായ ജനകീയ മുന്നേറ്റത്തിലൂടെ പൊതുസമൂഹം പ്രതികരിക്കണമെന്നും അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ ആഹ്വാനം ചെയ്തു.

JAGRATHA News

"Jagratha News" - An internet news service is free and for private circulation

Web: www.kcbcsocialharmony.org,

Blog: jagrathakcbc.blogspot.com

Designed and Edited by Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA